## പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം

മി. സ്പീക്കർ: 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി പരിഗണിച്ച് പാസ്സാക്കുന്നതിനായി ചേർന്ന പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്.

2024 ജൂൺ 10-ന് ആരംഭിച്ച സമ്മേളനം ആകെ 28 ദിനങ്ങൾ ചേരാനാണ് കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും 2024 ജൂൺ 25-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 9 ദിവസത്തെ സമ്മേളനം ഒഴിവാക്കുകയുണ്ടായി. പുതുക്കിയ കലണ്ടർ പ്രകാരം ആകെ 19 ദിവസങ്ങളാണ് സഭ ചേർന്നത്. അതിൽ ധനാഭ്യർത്ഥനകളുടെ പരിഗണനയ്ക്കായി 12 ദിവസങ്ങൾ നീക്കിവയ്ക്കുകയുണ്ടായി.

നിയമനിർമ്മാണത്തിൽ 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ, 2024-ലെ കേരള ധനകാര്യ ബിൽ എന്നീ സുപ്രധാന ബില്ലുകൾ സഭ പാസ്സാക്കുകയും

2023-ലെ കേരള പൊതുരേഖ ബിൽ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുമുണ്ടായി. 2024-25 വർഷത്തെ ബജറ്റിനെ സംബന്ധിക്കുന്നതും ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്നതും മുൻ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്നതുമായ ധനവിനിയോഗ ബില്ലുകളും അതോടൊപ്പം സഭ പാസ്സാക്കുകയുണ്ടായി. ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 1549 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. ബില്ലുകളുടെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ അംഗങ്ങൾ നോട്ടീസ് നൽകിയ **10** ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 123 മണിക്കൂർ **6** മിനിട്ടിൽ ധനകാര്യ ബിസിനസ്സിനായി 45 മണിക്കൂർ 10 മിനിട്ടും നിയമനിർമ്മാണത്തിനായി 14 മണിക്കൂർ 19 മിനിട്ടുമാണ് വിനിയോഗിക്കപ്പെട്ടത്.

ഏറെ നാളുകൾക്കുശേഷം ഈ സമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി മാറ്റിവച്ച മൂന്ന് വെള്ളിയാഴ്ചകളും ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞുവെന്നത് സന്തോഷകരമാണ്.

പ്രസ്തുത ദിവസങ്ങളിലായി 12 അനൗദ്യോഗിക ബില്ലുകളും 4 അനൗദ്യോഗിക പ്രമേയങ്ങളും സഭ ചർച്ച ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ മാതൃകാപരമായ നിലപാട് സ്വീകരിച്ച ഭരണ-പ്രതിപക്ഷ അംഗങ്ങളെ ചെയർ അഭിനന്ദിക്കുന്നു. അനൗദ്യോഗികാംഗങ്ങളുടെ കാര്യം സംബന്ധിച്ച ബിസിനസ്സുകൾ നിർവഹിക്കുന്നതിന് കൂടുതൽ സമയം ലഭിക്കുന്നതിന് വെള്ളിയാഴ്ചകളിൽ അടിയന്തര സാഹചര്യത്തിലൊഴികെ റൂൾ 50 ഒഴിവാക്കണമെന്ന ചെയർ മുന്നോട്ടുവച്ച നിർദ്ദേശത്തിന് അനുകൂല പ്രതികരണമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അക്കാര്യത്തിലുള്ള ചെയറിന്റെ നന്ദി ഇവിടെ രേഖപ്പെടുത്തുകയാണ്. വെള്ളിയാഴ്ചയ്ക്ക് പകരം സഭ പൂർണ്ണമായി ചേരുന്ന മറ്റൊരു ദിവസം അനൗദ്യോഗികാംഗങ്ങളുടെ ബിസിനസ് പരിഗണിക്കണമെന്ന നിർദ്ദേശത്തോട് സഭാ ചട്ടങ്ങളുടെ പരിഷ്കരണത്തിനായി രൂപീകരിക്കപ്പെട്ടിരുന്ന അഡ്ഹോക് സമിതി യോജിക്കാത്ത സാഹചര്യത്തിലായിരുന്നു ചെയർ ഇത്തരത്തിലുള്ള ഒരു പുതിയ നിർദ്ദേശം മുന്നോട്ടുവച്ചതും അംഗങ്ങൾ അത് സ്വാഗതം ചെയ്തതും.

നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരികമാക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾക്കായി സ്പീക്കർ രൂപീകരിച്ച വിദഗ്ധ സമിതി സമ്മേളന കാലയളവിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 'അടിയന്തരപ്രമേയം' എന്ന വാക്കിന് പകരം 'നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം' എന്ന ഭേദഗതി ഉൾപ്പെടെ പ്രസ്തുത റിപ്പോർട്ടിലെ അഞ്ചാം ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്ന ഭേദഗതികൾ 2024 ജൂൺ 20 പ്രാബല്യം നൽകി അംഗീകരിക്കുകയും റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെകൂടി പരിശോധനയ്ക്കുശേഷം നടപ്പാക്കാൻ തീരുമാനിക്കുകയുമുണ്ടായി.

വിവിധ ദിവസങ്ങളിലായി സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ട 2023-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ), 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം), 2024-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം), 2023-ലെ കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ് എന്നീ ചട്ടങ്ങൾക്ക് ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നോട്ടീസ്

നൽകിയ ഭേദഗതികൾ സഭ പരിഗണിക്കുകയും അവയിൽ നിരവധി ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുമുണ്ടായി. സഭ നൽകിയ അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ നിയമസഭ പാസ്സാക്കിയ മൂലനിയമങ്ങൾക്കനുസൃതവും കുറ്റമറ്റതുമാണെന്ന കാര്യം ഉറപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ജാഗ്രതയോടുള്ള ഇത്തരം ഇടപെടലിനെ ചെയർ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

നിയമസഭ പാസ്സാക്കുകയും ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത ഒരു ആക്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസമുണ്ടായ വിഷയത്തിൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നും ഇക്കാര്യം ഒരു ചട്ടവ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നുമുള്ള ഒരു സുപ്രധാന റൂളിംഗും ഈ സമ്മേളനത്തിൽ നൽകുകയുണ്ടായി.

കുവൈറ്റിലെ കെട്ടിട സമുച്ചയത്തിലുണ്ടായ അഗ്നിബാധയിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും മരണപ്പെട്ടവരുടെ ബന്ധുക്കളുടെയും പരിക്കേറ്റവരുടെയും ദുഃഖത്തിൽ സഭ പങ്കുചേരുകയും ചെയ്തു.

ട്വന്റി-20 ക്രിക്കറ്റിൽ ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിലെ അംഗങ്ങളേയും ടീം മാനേജ്മെന്റിനേയും സഭ ഹാർദ്ദമായി അനുമോദിക്കുകയുമുണ്ടായി.

പതിനൊന്നാം സമ്മേളനം നടന്ന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 15 നോട്ടീസുകളാണ് സഭ പരിഗണിച്ചത്. സംസ്ഥാനത്തിന്റെ നാമധേയം 'കേരളം' എന്ന് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച ഗവൺമെന്റ് പ്രമേയം സമ്മേളനകാലയളവിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. കൂടാതെ ചട്ടം 130 അനുസരിച്ച് ബഹുമാനപ്പെട്ട അംഗം എം. വിജിൻ നോട്ടീസ് നൽകിയ നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട് സംബന്ധിച്ച ഉപക്ഷേപം സഭ ചർച്ച ചെയ്യുകയും മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ

സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 275 പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുമുണ്ടായി.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയിൽനിന്നും ഉളവായ പൊതു പ്രാധാന്യമുള്ള കാര്യത്തെപ്പറ്റി ചട്ടം 49 അനുസരിച്ചുള്ള അരമണിക്കൂർ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് നൽകിയ നോട്ടീസ് ജൂൺ 25-ലെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും സഭാനടപടികൾ തടസ്സപ്പെട്ട സാഹചര്യത്തിൽ പരിഗണിക്കാൻ കഴിയാത്തത് നിർഭാഗ്യകരമായി. പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പാണ് സഭ ഇത്തരത്തിലൊരു ചർച്ച പരിഗണിച്ചതെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ സഭാതലത്തിൽ ചർച്ച ചെയ്യുന്നതിന് മുൻകൈയെടുത്ത ബഹുമാനപ്പെട്ട അംഗങ്ങളെ ചെയർ അഭിനന്ദിക്കുന്നു.

കുടിശ്ശികയായ സർക്കാർ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് മലബാർ മേഖലയിലെ സീറ്റ് പ്രതിസന്ധി പരിശോധിച്ച് പുതിയ ബാച്ചുകളും സീറ്റുകളും അനുവദിക്കുന്നത് സംബന്ധിച്ച്

ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും ചട്ടം 300 പ്രകാരം പ്രസ്താവന നടത്തുകയുണ്ടായി.

സമ്മേളന കാലയളവിൽ 34 ശ്രദ്ധക്ഷണിക്കലുകളും 202 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു.

നാല് സി&എ.ജി. റിപ്പോർട്ടുകൾ ഉൾപ്പെടെ സമ്മേളനത്തിൽ ആകെ 486 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 129 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സമ്മേളനത്തിൽ 2024 ജൂൺ 10 മുതൽ ജൂലൈ 11 വരെയുള്ള കാലത്ത് 19 ചോദ്യദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 7509 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 94 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 18 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 570 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 6827 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലുമുൾപ്പെടുത്തി ആകെ

7397 ചോദ്യങ്ങൾ അച്ചടിക്കുകയും അതിൽ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങൾ പിൻവലിക്കുകയും 4 എണ്ണം നീക്കം ചെയ്യുകയും ചെയ്തു. നക്ഷത്രചിഹ്നമിട്ട 570 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6064 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 756 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.

അടിയന്തര ചോദ്യത്തിനായി 3 നോട്ടീസുകൾ ലഭ്യമാക്കുകയും ഒരെണ്ണം അനുവദിക്കുകയും ചെയ്തു.

ചോദ്യോത്തര വേളകളിൽ 84 ചോദ്യങ്ങൾ വാക്കാൽ മറുപടി പറയുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 544 അവസരങ്ങളിലായി 625 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ 11 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലെയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്ന് മുതൽ പത്ത് വരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 44 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി.

ബഹുമാന്യരായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, വനം-വന്യജീവി വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റ് മന്ത്രിമാർക്കും ഈ മാതൃക സ്വീകരിക്കാവുന്നതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായി ചട്ടം അനുശാസിക്കുന്നവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

പതിനഞ്ചാം കേരളനിയമസഭയിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ സമ്മേളനത്തിന്റെ ആദ്യദിവസം സഭ അല്പസമയം നിർത്തിവച്ച് എടുക്കുകയും തുടർന്ന് അതിന്റെ കോപ്പികൾ അംഗങ്ങൾക്ക് ഇതിനകം ലഭ്യമാക്കുകയും ചെയ്തു. ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. ഷാഫി പറമ്പിൽ എന്നീ അംഗങ്ങൾ സമ്മേളന കാലയളവിൽ നിയമസഭാംഗത്വം രാജി വയ്ക്കുകയുണ്ടായി. ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിസ്ഥാനം രാജിവച്ച ഒഴിവിൽ ശ്രീ. ഒ. ആർ. കേളു മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തതും ഇതേ കാലയളവിലാണ്. സഭാ സമ്മേളനത്തിനിടയ്ക്ക് ജൂൺ 14, 15 തീയതികളിൽ ലോക കേരള സഭയുടെ നാലാം സമ്മേളനം നിയമസഭാ സമുച്ചയത്തിൽവച്ച് നടക്കുകയുണ്ടായി. കെ-ലാംപ്സും പരിസ്ഥിതി വകുപ്പും യൂണിസെഫും സംയുക്തമായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച്

നിയമസഭാ സാമാജികർക്കായി ഒരു ഇന്ററാക്ടീവ് സെഷൻ സമ്മേളനകാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, 'എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം' എന്ന കായികനയത്തിന്റെ ഭാഗമായി ഇ-സ്പോർട്സ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങളെ പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിപാടിയും സംഘടിപ്പിച്ചു.

അനേക വർഷത്തെ കാത്തിരിപ്പിനൊടുവിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണ്. കേരളത്തിന്റെ വികസന ഭൂപടം തന്നെ മാറ്റിവരയ്ക്കാനുതകുന്ന വിഴിഞ്ഞം തുറമുഖത്തേയ്ക്ക് ആദ്യ കണ്ടെയ്നർ കപ്പലിനെ വരവേറ്റുകൊണ്ടുള്ള പൊതുസമ്മേളനം നാളെ നടക്കുകയാണ്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പ്രയത്നിച്ച എല്ലാവരേയും ഈയവസരത്തിൽ ചെയർ അഭിനന്ദിക്കുന്നു. എല്ലാ വിജയാശംസകളും നേരുന്നു.

പതിനൊന്നാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ

എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു.

എല്ലാവർക്കും ഇന്ത്യയുടെ 77-ാം സ്വാതന്ത്ര്യ വാർഷിക ദിനാശംസകളും ആഹ്ലാദകരമായ ഓണാശംസകളും നേരുന്നു.

ഓർഡർ ..... ഓർഡർ ......

2023-ലെ കേരള പൊതുരേഖ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്ന വിവരം അറിയിക്കുകയാണ്.

ഓർഡർ ..... ഓർഡർ ...... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂലൈ മാസം 11-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.44-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No........../Table-1/......./Leg. Dated,Thiruvananthapuram, .........

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Eleventh Session of the Fifteenth Kerala Legislative Assembly with effect from July 11, 2024 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2024 ജൂലൈ 11-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor
Dr. N. Krishna Kumar
Secretary,
Legislative Assembly